ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല. പാപനാശം ബീച്ചിലെ നടപ്പാതകൾ വർക്കല മുനിസിപ്പാലിറ്റിയിലൂടെ വികസിപ്പിച്ചിട്ടുണ്ട്.

(സി) വർക്കല ബീച്ചിന്റെ ശുചീകരണം കുടുംബശ്രീയിലൂടെ ടൂറിസം വകുപ്പ് നടത്തിവരുന്നുണ്ട്. വർക്കലയിലെ ഖരദ്രാവകമാലിന്യ നിർമ്മാർജ്ജന പദ്ധതിയ്ക്കും പൊതുസ്ഥല ശുചീകരണ പദ്ധതിക്കും ടോയ്‌ലറ്റിന്റെ നിർമ്മാണത്തിനും നടപ്പാതയുടെ നിർമ്മാണത്തിനുമായി 150 ലക്ഷം രൂപയുടെ പദ്ധതികൾ ടൂറിസം വകുപ്പിൽ നിന്നും വർക്കല മുനിസിപ്പാലിറ്റിക്ക് നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പാണ് ഈ പദ്ധതി നടപ്പാക്കുന്നത്. കൂടാതെ ക്ലിഫിൽ നിന്നും വെറ്റക്കട വരെയുള്ള തീരദേശ നടപ്പാതയുടെ വികസനം 96 ലക്ഷം രൂപ ചെലവിൽ ടൂറിസം വകുപ്പ് നടപ്പാക്കിവരുന്നു. മുനിസിപ്പാലിറ്റിയിലൂടെ നടപ്പാക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ മുനിസിപ്പൽ അധികാരികളുമായി മന്ത്രിതല ചർച്ചകളും നടത്തിയിട്ടുണ്ട്. ടൂറിസം വകുപ്പ് കിറ്റ്കോയിലൂടെ നടപ്പാക്കുന്ന നടപ്പാതയുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

വിലപിടിപ്പുള്ള വൃക്ഷത്തൈകൾ വിതരണം ചെയ്യാൻ നടപടി

96(1445) ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതിയും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈട്ടി, മഹാഗണി, ചന്ദനം തുടങ്ങിയ വിലപിടിപ്പുള്ള വൃക്ഷത്തൈകളുടെ തൈകൾ ഫോറസ്റ്റ് വകുപ്പ് ജനങ്ങൾക്കുവേണ്ടി ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈട്ടി, മഹാഗണി, ചന്ദനം തുടങ്ങിയ വിലപിടിപ്പുള്ള വൃക്ഷങ്ങളുടെ തൈകൾ 4 രൂപാക്രമത്തിൽ ജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്. ഇതിനുപുറമെ പൊതുസ്ഥലങ്ങളിലും സ്കൂൾ-കോളേജ് കോമ്പൗണ്ടുകളിലും റോഡിന്റെ ഇരുവശങ്ങളിലും വനംവകുപ്പ് വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നുണ്ട്. 2002 ആഗസ്റ്റ് 9-ന് നടന്ന ഹരിതോത്സവം പദ്ധതിപ്രകാരം സംസ്ഥാനത്ത് പൊതുസ്ഥലങ്ങളിലും സ്കൂൾ-കോളേജ് കോമ്പൗണ്ടുകളിലും റോഡിന്റെ ഇരുവശങ്ങളിലുമായി 13,21,178

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷം തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ 2003-2004-ൽ 455 കി.മീ. ദൂരത്തിൽ റോഡിന്റെ വശങ്ങളിലായി 26,507 വിവിധയിനം വൃക്ഷത്തൈകൾ നടുകയും 4230 തൈകൾക്ക് സംരക്ഷണവേലി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ 520 പൊതുസ്ഥാപനങ്ങളിലായി 5,57,440 വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയും 399 പോലീസ് സ്റ്റേഷനുകളിൽ 45,378 തൈകൾ നട്ടുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ഒരേക്കർ സ്ഥലത്ത് വിവിധയിനങ്ങളിലുള്ള വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള ഗ്രാമവനം പദ്ധതിപ്രകാരം 2003-2004-ൽ 63 പഞ്ചായത്തുകളിലായി 67 ഹെക്ടർ ഭൂമിയിൽ കുടുംബശ്രീ യൂണിറ്റുകളുടെ സഹകരണത്തോടുകൂടി വിവിധയിനങ്ങളിലുള്ള 1,43,335 വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. 2004-2005-ൽ 205 പഞ്ചായത്തുകളിലായി ഒരേക്കർ വിസ്തീർണ്ണമുള്ള 215 ഗ്രാമവനങ്ങളിലായി ഒന്നരലക്ഷത്തോളം വിവിധ യിനം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

കടലാക്രമണവും പ്രകൃതിക്ഷോഭവും തടയുന്നതിന് ഉതകുംവിധം സംസ്ഥാനത്തെ തീരപ്രദേശത്ത് ബൽറ്റായി കാറ്റാടി മരങ്ങൾ വച്ചുപിടിപ്പിക്കുന്ന ഹരിതതീരം പദ്ധതി പ്രകാരം 7.55 ലക്ഷം തൈകൾ സൗജന്യ നിരക്കിൽ തീരപ്രദേശത്ത് അധിവസിക്കുന്ന തദ്ദേശവാസികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിലെ ആലപ്പാട് പഞ്ചായത്തിൽ 17 കി.മീ. കടൽ തീരപ്രദേശത്ത് മാതാഅമൃതാനന്ദമയി മഠവുമായി ചേർന്ന് വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിൽ പുന്നപ്രയിൽ ഗ്രാമപഞ്ചായത്തിന്റെയും സന്നദ്ധസംഘടനയുടേയും സഹകരണത്തോടെ 3 കി.മി. ദൂരം വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

2005-2006-ൽ ആരംഭിച്ച വൃക്ഷോത്സവം പദ്ധതിപ്രകാരം പൊതുസ്ഥലങ്ങളിലും സ്കൂൾ-കോളേജ് കോമ്പൗണ്ടുകളിലും റോഡിന്റെ ഇരുവശങ്ങളിലും സന്നദ്ധ സംഘടനകളുടേയും വിദ്യാർത്ഥികളുടേയും സഹകരണത്തോടെ തേക്ക്, ഈട്ടി, ചന്ദനം തുടങ്ങിയ വിലപിടിപ്പുള്ള മരങ്ങൾ, തണൽ മരങ്ങൾ, പൂമരങ്ങൾ, ഔഷധസസ്യങ്ങൾ തുടങ്ങിയ 12,48,545 തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

വനപ്രദേശങ്ങളിൽ പഠനം നടത്താൻ അനുവാദം നൽകുന്നതിനുള്ള മാനദണ്ഡം

97(1446) ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതിയും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ പഠനം നടത്താൻ അനുവാദം നൽകുന്നതിന് സർക്കാർ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്താണ്;

(ബി) ഈ സർക്കാർ ഇത് സംബന്ധിച്ച് പുതിയ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly